REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 05-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- വയനാട് ദുരന്ത മേഖലയിലെ ഏഴാംദിവസത്തെ തിരച്ചിൽ തുടരുന്നു. തിരിച്ചറിയാത്ത മൃതദേഹങ്ങൾ മുഴുവൻ ഇന്ന് സംസ്കരിക്കുമെന്ന് മന്ത്രി കെ രാജൻ.
- ഉരുൾപൊട്ടൽ രക്ഷാപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച മേജർ ജനറൽ V T മാത്യുവിന്, ഊഷ്മള യാത്രയയപ്പ് നൽകി.
- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരാൾക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു.
- സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.
- ഇന്ത്യ- ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം മറ്റന്നാൾ കൊളംബോയിൽ നടക്കും.

## വാർത്തകൾ വിശദമായി

**വയനാട് ദുരന്ത മേഖലയിലെ ഏഴാം ദിവസത്തെ തെരച്ചിൽ തുടരുന്നു. ദുരന്തത്തിൽ 222 പേരുടെ മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 172 പേരുടെ ശരീരങ്ങൾ ബന്ധുക്കൾ തിരിച്ചറിഞ്ഞു. മുഴുവൻ ശരീരങ്ങളുടെയും പോസ്റ്റുമോർട്ടം പൂർത്തിയായിക്കഴിഞ്ഞു. 180 ശരീരഭാഗങ്ങളും കണ്ടെത്തിയിട്ടുണ്ട്.**

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്ത പശ്ചാത്തലത്തിൽ മന്ത്രിതല ഉപസമിതിയുടെ അടിയന്തരയോഗം ചേർന്നു. മുഖ്യമന്ത്രി പിണറായി വിജയനാണ് യോഗം വിളിച്ചത്- ചീഫ് സെക്രട്ടറിയും യോഗത്തിൽ പങ്കെടുത്തു.

ഉരുൾപൊട്ടലിൽ തിരിച്ചറിയാത്ത മൃതദേഹങ്ങൾ മുഴുവൻ ഇന്ന് സംസ്കരിക്കുമെന്ന് മന്ത്രി K രാജൻ പറഞ്ഞു. ബന്ധുക്കൾക്ക് മൃതദേഹം കാണാൻ ഉച്ചവരെ അവസരമുണ്ടാകുമെന്ന് മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു.

തിരിച്ചറിയാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക കർമ്മപരിപാടി തയ്യാറാക്കുമെന്ന് മന്ത്രി പറഞ്ഞു. 189 മൃതദേഹങ്ങൾ സംസ്കരിക്കാൻ ശേഷിക്കുന്നതായി അറിയിച്ച മന്ത്രി, ചടങ്ങുകൾ ഉച്ചകഴിഞ്ഞ് മൂന്നിന് തുടങ്ങുമെന്ന് ചൂരൽമലയിൽ പറഞ്ഞു.

ദുരന്തഭൂമിയിൽ ഒരിടത്തും തിരച്ചിൽ അവസാനിപ്പിച്ചിട്ടില്ലെന്നും മന്ത്രി. സാധ്യമായ എല്ലാ സംവിധാനങ്ങളുമുപയോഗിച്ച് തിരച്ചിൽ തുടരുകയാണന്നും മന്ത്രി അറിയിച്ചു.

✪✪✪

ചൂരൽമലയിൽ രക്ഷാപ്രവർത്തനം നടത്തുന്നവർക്ക് സമയാസമയം ഭക്ഷണമെത്തിക്കാൻ ഡ്രോണുകളും ഉപയോഗപ്പെടുത്തി. പത്ത് പേരുടെ ഭക്ഷണപൊതികൾ വഹിക്കാൻ കഴിയുന്ന ആധുനിക ഡ്രോണുകളാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. വാഹനങ്ങളിലും രക്ഷാപ്രവർത്തകർക്ക് ഭക്ഷണം എത്തിക്കുന്നുണ്ട്.

മേപ്പാടി പോളിടെക്നിക്കിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലാണ് കേരള ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയേഷൻ ഭക്ഷണം ഒരുക്കുന്നത്. ഏഴായിരത്തോളം ഭക്ഷണ പൊതികൾ ഓരോ ദിവസവും വിതരണം ചെയ്യുന്നുണ്ട്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച മേജർ ജനറൽ V T മാത്യുവിന്, ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഊഷ്മളമായ യാത്രയയപ്പ് നൽകി. വയനാട്ടിൽ നിന്ന് മടങ്ങിയാലും ബംഗലൂരുവിലെ കേരള-കർണാടക ഹെഡ്ക്വാർട്ടേഴ്സിൽ രക്ഷാപ്രവർത്തനങ്ങളും തിരച്ചിലും അദ്ദേഹം നിരീക്ഷിക്കും.

ആദ്യദിവസം 300 ഓളം പേരെയാണ് സൈനികസംഘം രക്ഷപ്പെടുത്തിയത്. ബെയ്‌ലിപാലത്തിന്റെയും നടപ്പാലത്തിന്റെയും നിർമ്മാണം ഇതോടൊപ്പം ആരംഭിച്ചു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാനും, മുഖ്യമന്ത്രിയും, മന്ത്രിമാരും, ജനപ്രതിനിധികളും മേജർ ജനറൽ മാത്യുവിന്റെ രക്ഷാപ്രവർത്തനത്തെ അഭിനന്ദിച്ചിരുന്നു. 500 പേരെയാണ് രണ്ടുദിവസം കൊണ്ട് സംഘം രക്ഷപ്പെടുത്തിയത്.

പ്രതികൂല കാലാവസ്ഥയിൽ അപരിചിതമായ സ്ഥലമായിട്ടുപോലും രക്ഷാദൗത്യം വലിയതോതിൽ വിജയിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ജനറൽ മാത്യു പറഞ്ഞു.

✪✪✪

വയനാട് ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളും കളക്ഷൻ സെന്ററുകളുമായി പ്രവർത്തിക്കുന്നവയുമൊഴികെ സ്കൂളുകൾ ഇന്ന് പ്രവർത്തനമാരംഭിച്ചു. കുട്ടികളുടെ സുരക്ഷിതത്വം അധ്യാപകരും രക്ഷിതാക്കളും ഉറപ്പു വരുത്തണമെന്ന് ഇന്നലെ ജില്ലാ കലക്ടർ നിർദേശിച്ചിരുന്നു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ കേന്ദ്രഗവൺമെന്റ് L-3 പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് പ്രതിപക്ഷനേതാവ് V D സതീശൻ ആവശ്യപ്പെട്ടു. അന്താരാഷ്ട്ര കാഴ്ചപ്പാട് അനുസരിച്ച് ദുരന്തത്തെ ഈ പട്ടികയിലുൾപ്പെടുത്തി കേരളത്തിന് സഹായം ലഭ്യമാക്കാൻ കേന്ദ്രം തയ്യാറാകണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഒറ്റപ്പെട്ടുപോയവരെ കേരള സ്റ്റേറ്റ് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ സംരക്ഷിക്കുമെന്ന്കേരള സ്റ്റേറ്റ് ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ N അലി അബ്ദുല്ല അറിയിച്ചു. ബോർഡിന്റെ അംഗീകാരത്തോട് കൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കുട്ടികൾ, വൃദ്ധർ, അഗതികൾ തുടങ്ങിയവരെ സംരക്ഷിക്കാനും കുട്ടികൾക്ക് വിദ്യാഭ്യാസമടക്കം സൗകര്യങ്ങൾ നൽകാനും ഓർഫനേജ് കൺട്രോൾ ബോർഡ് സജ്ജമാണെന്ന് ചെയർമാൻ പറഞ്ഞു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ കേന്ദ്രഗവൺമെന്റ് L-3 പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് പ്രതിപക്ഷനേതാവ് V D സതീശൻ ആവശ്യപ്പെട്ടു. അന്താരാഷ്ട്ര കാഴ്ചപ്പാട് അനുസരിച്ച് ദുരന്തത്തെ ഈ പട്ടികയിലുൾപ്പെടുത്തി കേരളത്തിന് സഹായം ലഭ്യമാക്കാൻ കേന്ദ്രം തയ്യാറാകണമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ആദ്യദിവസം ഫിജിയിലെ നാഡീയിലെത്തി.

ഫിജി, ന്യൂസിലാൻഡ്, തിമോർലെസ്റ്റെ എന്നീ രാജ്യങ്ങൾ സന്ദർശിക്കുന്ന രാഷ്ട്രപതിയെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അനുഗമിക്കുന്നുണ്ട്.

✪✪✪

സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാന്റെ അധ്യക്ഷതയിൽ മൂന്ന് സേനാ വിഭാഗങ്ങളുടെയും സാമ്പത്തിക സമ്മേളനം ന്യൂഡൽഹിയിൽ തുടങ്ങി. സായുധ സേനയിലെ സാമ്പത്തിക വിഷയങ്ങളിൽ ഉണർവും, സഹകരണവും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് സമ്മേളനം. സൈനിക സാമഗ്രികളുടെ സംഭരണത്തിന് തടസമായ സാമ്പത്തിക വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

✪✪✪

ജമ്മു കശ്മീരിലെ 370-ാം വകുപ്പ് റദ്ദാക്കിയതിന്റെ അഞ്ചാം വാർഷികമായതിനാൽ ഇന്ന് സുരക്ഷാ കാരണങ്ങളാൽ അമർനാഥ് യാത്ര ഒരു ദിവസത്തേക്ക് നിർത്തിവച്ചതായി അധികൃതർ അറിയിച്ചു. രഹസ്യാന്വേഷണ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഭഗവതി നഗർ ബേസ് ക്യാമ്പിൽ നിന്ന് യാത്ര താൽക്കാലികമായി നിർത്തിവച്ചതെന്ന് ആകാശവാണി ജമ്മു ലേഖകൻ റിപ്പോർട്ട് ചെയ്തു.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപാത്തിയുടെ ഫലമായാണ് മഴ കനക്കുന്നത്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് മഞ്ഞ ജാഗ്രത. കേരള തീരത്ത് ഉയർന്ന തിരമാലക്കും,

കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ മഴക്കെടുതികൾ ഉണ്ടായ പ്രദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ വിദഗ്ദ്ധ സംഘം സന്ദർശിച്ചു.

വിശദംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ ............

.......(വോയസ്)......

✪✪✪

കോഴിക്കോട് ജില്ലയിലെ മൂന്ന് താലൂക്കുകളിലായി പ്രവർത്തിക്കുന്ന ഒൻപത് ദുരിതാശ്വാസ ക്യാമ്പുകൾ ഒഴികെ മറ്റ് ക്യാമ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. വടകര, കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 315 കുടുംബങ്ങളിലെ 913 പേർ ക്യാമ്പുകളിലുണ്ട്. ഇവ പ്രവർത്തിക്കുന്ന വിദ്യാലങ്ങൾക്ക് ജില്ലാ കലക്ടർ ഇന്ന് അവധി നൽകി.

✪✪✪

സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലെയും നവീകരണത്തിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിയുന്ന മലയാളികളുടെ സഹായവും സഹകരണവും വേണമെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ അഭിപ്രായപ്പെട്ടു. വേൾഡ് മലയാളി കൗൺസിലിന്റെ 14-ാം ബൈനിയൽ കോൺഫറൻസിന്റെ സമാപന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരാൾക്ക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. കുളത്തിൽ കുളിച്ചതിനു ശേഷമാണ് ഇയാൾക്ക് കടുത്ത പനി തുടങ്ങിയത്. ആരോഗ്യവകുപ്പ് വെള്ളത്തിന്റെ സാംപിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചു. ഇതേ കുളത്തിൽ ഇറങ്ങിയവരിൽ മൂന്ന് പേർക്കു കൂടി കടുത്ത പനിയുണ്ട്. ഇവരുടെ പരിശോധനാ ഫലം വരാനുണ്ട്.

പ്ലാവറത്തലയിൽ അനീഷ്, പൂതംകോട് സ്വദേശികളായ അച്ചു, ഹരീഷ്, ധനുഷ് എന്നിവരാണ് മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിയുന്നത്. ഇവരിൽ അനീഷിനാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചത്.

✪✪✪

പാരീസ് ഒളിമ്പിക്സിലെ പുരുഷ ഹോക്കി സെമിയിൽ ഇന്ത്യ നാളെ ജർമനിയെ നേരിടും. ക്വാർട്ടർ ഫൈനലിൽ ബ്രിട്ടനെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ നാലു ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ സെമിയിൽ എത്തിയത്. ഗോൾകീപ്പറും മലയാളിയുമായ P.R ശ്രീജേഷിന്റെ മികച്ച പ്രകടനമാണ് ഇന്ത്യൻ സംഘത്തിന് കരുത്തേകിയത്. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ സെമി ഫൈനലിൽ പുറത്തായ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന് വെങ്കലത്തിനായി ഡെൻമാർക്ക് താരത്തെ നേരിടും.

✪✪✪

ഇന്ത്യ- ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം മറ്റന്നാൾ കൊളംബോയിൽ നടക്കും. പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്നലെ ശ്രീലങ്ക, ഇന്ത്യയെ 32 റൺസിന് പരാജയപ്പെടുത്തി. ഇതോടെ പരമ്പരയിൽ ഒരു മത്സരം ജയിച്ച് ശ്രീലങ്ക മുന്നിട്ടു നിൽക്കുകയാണ്. ആദ്യ മത്സരം ടൈ ആയി മാറുകയായിരുന്നു.

✪✪✪

ആര്യനാട് കരമനയാറ്റിൽ മുങ്ങിമരിച്ച 4 പേരുടെയും മൃതദേഹങ്ങൾ ഇന്ന് ആര്യനാട് സംസ്കരിക്കും. പോസ്റ്റ്മോർട്ടം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടക്കും. ആര്യനാട്ടേക്ക് വിലാപ യാത്രയായി പോകും. ഇന്നലെയാണ് ആര്യനാട് കരമനയാറ്റിൽ കുളിക്കാൻ ഇറങ്ങിയ നാലുപേർ മുങ്ങിമരിച്ചത്.

പോലീസ് ഡ്രൈവർ അനിൽകുമാർ, മകൻ അമൽ ചേട്ടന്റെ മകൻ അദ്വൈത് സഹോദരിയുടെ മകൻ ആനന്ദ് എന്നിവരാണ് മരിച്ചത്.

✪✪✪

കെന്റക്കിയിൽ നടക്കുന്ന നാഷണൽ ലെജിസ്ലേറ്റീവ് കോൺഫറൻസിൽ പങ്കെടുക്കാനായി സ്പീക്കർ A.N ഷംസീർ അമേരിക്കയിലേക്ക് തിരിച്ചു. വിവിധ രാജ്യങ്ങളിലെ നിയമ നിർമാണസഭകളിലെ അംഗങ്ങളുടെയും,

അധ്യക്ഷന്മാരു ടെയും യോഗമാണ് നാളെയും, മറ്റന്നാളുമായി നടക്കുന്നത്.

✪✪✪

ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെയും സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെയും അഭിമുഖ്യത്തിൽ വ്യോമയാന സുരക്ഷ വാരാചരണത്തിന് കൊച്ചി വിമാനത്താവളത്തിൽ ഇന്ന് തുടക്കമായി.

ഇതിന്റെ ഭാഗമായി, കൊച്ചി വിമാനത്താവളത്തിൽ ഇന്ന് വോക്കത്തൺ സംഘടിപ്പിച്ചു. ഡോഗ് സ്ക്വാഡ് പ്രകടനങ്ങൾ, സാംസ്കാരിക സായാഹ്നങ്ങൾ, വീഡിയോ സ്ക്രീനിങ്ങുകൾ തുടങ്ങിയവ, വിമാനയാത്ര സുരക്ഷയുടെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി വിമാനത്താവളത്തിനകത്തും പുറത്തും സംഘടിപ്പിക്കുമെന്ന് സിയാൽ അറിയിച്ചു.

✪✪✪

കോഴിക്കോട്- കുറ്റ്യാടി റൂട്ടിലെ ബസുകളുടെ പണിമുടക്ക് തുടരുന്നു. കൂമുള്ളിയിൽ കഴിഞ്ഞ ദിവസം ബസ് ജീവനക്കാർക്ക് മർദനമേറ്റതായി ആരോപിച്ചാണ് പണിമുടക്ക്. സംഭവത്തിൽ അത്തോളി പോലീസ് കേസെടുത്തിട്ടുണ്ട്.

✪✪✪